**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **12-06-2024 - ൽ മറുപടിയ്ക്ക്**

**നവകേരളസദസ്സിൽ ലഭിച്ച ഫിഷറീസ് വകുപ്പിലെ ഹർജികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നവകേരളസദസ്സിൽ ലഭിച്ചതും ഫിഷറീസ് വകുപ്പ് പരിഹാരം കാണേണ്ടതുമായ ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | നവ കേരള സദസ്സിൽ ലഭിച്ചതും ഫിഷറീസ് വകുപ്പ് പരിഹാരം /നടപടി സ്വീകരിച്ചതുമായ ഹർജികളുടെ എണ്ണം ജില്ല തിരിച്ചത് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഹർജികളിൽ ഹർജിക്കാരന് അനുകൂലമായി തീരുമാനം കൈക്കൊണ്ട ഹർജികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഹർജിക്കാരന് അനുകൂലമായി തീരുമാനം കൈക്കൊണ്ട ഹർജികളുടെ എണ്ണം ജില്ല തിരിച്ചത് അനുബന്ധം- 2 ആയി ചേർക്കുന്നു. |
| (സി) | ഇനിയും പരിഹാരമുണ്ടാകേണ്ട ഹർജികളുടെ എണ്ണം എത്രയെന്നും; ഏതൊക്കെ ഓഫീസുകളിലാണ് അവ തീർപ്പുകല്പിക്കാതെ ഉള്ളതെന്നും; പരിഹാരം കാണുന്നതിന് കാലതാമസ്സമുണ്ടാകുന്നതിന്റെ കാരണ0 എന്തെന്നും വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ ആകെ ലഭിച്ച പരാതികളിൽ 70 എണ്ണം വിഴിഞ്ഞം പുനരധിവാസവുമായി ബന്ധപ്പെട്ടതാകയാൽ പ്രസ്തുത പരാതികൾ വിഴിഞ്ഞം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഓഫീസിലേക്ക് കൈമാറി നൽകിയിട്ടുണ്ട്. ഇവ ചിപ്പി, കട്ടമരം, കരമടിതൊഴിലാളികളുടെ നഷ്ട പരിഹാരം സംബന്ധിച്ച അപേക്ഷകളാണ്. ആദ്യ ഘട്ടങ്ങളിൽ അപേക്ഷിച്ചവർക്കെല്ലാം മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ട പരിഹാരം നൽകിയിരുന്നു. പുതിയതായി ലഭിച്ച അപേക്ഷകളിൽ വിശദമായ അന്വേഷണം നടത്തി മാത്രമേ നഷ്ട പരിഹാരത്തിനുള്ള അർഹത നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. അന്വേഷണം നടന്ന് വരുന്നു.<br><br>കൊല്ലം ജില്ലയിൽ ഇനിയും തീരുമാനമാകേണ്ട 4 ഹർജികൾ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. ആയതിന്റെ വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.<br><br>ആലപ്പുഴ ജില്ലയിൽ നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിൽ പുനർഗേഹം പദ്ധതി ധനസഹായം വർദ്ധിപ്പിക്കുക എന്ന ആവശ്യവുമായി ബന്ധപ്പെട്ട് ഫിഷറീസ് ഡയറക്ടറേറ്റിൽ ലഭ്യമായ 6 അപേക്ഷകളിൽ പുനർഗേഹം പദ്ധതി പ്രകാരം ഒരു കുടുംബത്തിന് നിലവിൽ ലഭിക്കുന്ന പരമാവധി ധനസഹായമായ 10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന മറുപടി നൽകിയിരുന്നു.<br><br>കോട്ടയം ജില്ലയിൽ ഇനിയും തീർപ്പ് കൽപ്പിക്കാൻ ഒരപേക്ഷയാണുള്ളത്. ചെമ്പ് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ ചെറുവള്ളങ്ങൾ സൂക്ഷിക്കുന്നതിന് കെട്ടിയിട്ടുള്ള കൽക്കുളം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ലഭ്യമായ പരാതിയിന്മേൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിനായി കോട്ടയം ജില്ലാ പഞ്ചായത്ത് ഓഫീസിന് കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രസ്തുത ഓഫീസ് തുടർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>എറണാകുളം ജില്ലയിൽ ഇനിയും തീർപ്പ് കൽപ്പിക്കുവാനുള്ള 4 അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.<br><br>തൃശ്ശൂർ ജില്ലയിൽ ആകെ ലഭ്യമായ അപേക്ഷകളിൽ ഇനിയും പരിഹാരമുണ്ടാകേണ്ടതും ഇതര വകുപ്പുകളുമായി ബന്ധപ്പെട്ടതുമായ 21 അപേക്ഷകൾ ലഭ്യമായിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- 2, വിദ്യാഭ്യാസ വകുപ്പ് -1, ആരോഗ്യ വകുപ്പ്-2, ഇറിഗേഷൻ വകുപ്പ്-5, പഞ്ചായത്ത് വകുപ്പ് - 5, കേരള സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷൻ -1, പൊതുമരാമത്ത് - 2, എസ്.സി/എസ്.ടി സൊസൈറ്റി -1, റവന്യൂ -2) . ടി പരാതികളുടെ പകർപ്പ് അനന്തര നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അയച്ചു നൽകിയിട്ടുണ്ട്. അക്കാര്യം അപേക്ഷകരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറേറ്റിൽ ലഭ്യമായ പരാതികളിൽ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്ന 3 പരാതികളുടെ നിലവിലെ സ്ഥിതി അനുബന്ധം -3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| ജില്ല | ആകെ ലഭിച്ച പരാതികളുടെ എണ്ണം | പരിഹാരം/നടപടി സ്വീകരിച്ച പരാതികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 333 | 333 |
| കൊല്ലം | 127 | 127 |
| ആലപ്പുഴ | 315 | 315 |
| പത്തനംതിട്ട | 13 | 13 |
| കോട്ടയം | 97 | 97 |
| ഇടുക്കി | 10 | 10 |
| എറണാകുളം | 144 | 144 |
| തൃശ്ശൂർ | 163 | 163 |
| പാലക്കാട് | 23 | 23 |
| മലപ്പുറം | 563 | 563 |
| കോഴിക്കോട് | 184 | 184 |
| കണ്ണൂർ | 129 | 129 |
| കാസറഗോഡ് | 89 | 89 |
| വയനാട് | 6 | 6 |
| ഇതുകൂടാതെ 88 അപേക്ഷകൾ fisheries directorate ൽ നേരിട്ട് ലഭ്യമായിട്ടുണ്ട്. | | |

**അനുബന്ധം-2**

| ജില്ല | ഹർജിക്കാരന് അനുകൂലമായി തീരുമാനം കൈക്കൊണ്ട പരാതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 225 |
| കൊല്ലം | 123 |
| ആലപ്പുഴ | 169 |
| പത്തനംതിട്ട | 12 |
| കോട്ടയം | 95 |
| ഇടുക്കി | 10 |
| എറണാകുളം | 131 |
| തൃശ്ശൂർ | 129 |
| പാലക്കാട് | 12 |
| മലപ്പുറം | 543 |
| കോഴിക്കോട് | 42 |
| കണ്ണൂർ | 90 |
| കാസറഗോഡ് | 56 |
| വയനാട് | 6 |
| Directorate ൽ നേരിട്ട് ലഭ്യമായ 88 അപേക്ഷകളിൽ 75 എണ്ണം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ബാക്കി 13 അപേക്ഷകൾ ഭവന പുനരുദ്ധാരണം, വായ്പ്പ എഴുതി തള്ളൽ തുടങ്ങിയവയാണ്. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. | |

# അനുബന്ധം-1

| ക്രമ നം. | വിഷയം | നിലവിലെ സ്ഥിതി |
| --- | --- | --- |
| 1. | ഊന്നിവല നഷ്ട പരിഹാരം സംബന്ധിച്ച് | പരിശോധിച്ചു വരുന്നു |
| 2. | ഓടയം ഹാച്ചറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് കരാറുകാരന് തുക അനുവദിക്കുന്നത് സംബന്ധിച്ച് | പരിശോധിച്ചു വരുന്നു |
| 3. | പി.എം.എം.എസ്.വൈ. പദ്ധതി ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് | പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം നിശ്ചയിക്കുന്നത് PMMSY പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായതിനാൽ PMMSY പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി ഗുണഭോക്തൃവിഹിതം 40% എന്നത് 20% ആയി കുറവു ചെയ്തു നൽകുന്നത് പരിശോധിച്ചു വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. (ഫയൽ നം. ബി1/175/2024/ മത്സ്യ.വ) |
| 4. | ആലപ്പാട് പഞ്ചായത്ത് കളിസ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് | ആലപ്പാട് പഞ്ചായത്തിൽ കളിസ്ഥലം അനുവദിക്കുന്നതിനായി പ്രദേശവാസികൾ ആവശ്യപ്പെട്ട സ്ഥലം ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതാണോ എന്നും ആണെങ്കിൽ ടി സ്ഥലത്ത് കളിസ്ഥലം അനുവദിക്കുന്നത് സംബന്ധിച്ചും വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് കൊല്ലം ജില്ല ഓഫീസറോട് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് . (ഫയൽ. നം. എ 2/72/2024/മ.തു.വ) |

## <u>അനുബന്ധം –2</u>

| ക്രമ നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|
| 1 | കുഫോസിൽ (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്) ജോലി ലഭിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ | കുഫോസിൽ നിന്നും നിലവിലെ സ്ഥിതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് തീർപ്പ് കൽപ്പിക്കുന്നതാണ് |
| 2 | പൊക്കാളി പാടശേഖരങ്ങളിൽ ഒരു നെല്ലും, ഒരു മീനും /സംയോജിത മത്സ്യകൃഷി പദ്ധതികൾ പ്രകാരം മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, പ്രശ്ന പരിഹാര ത്തിനുമുള്ള നിർദ്ദേശങ്ങളും സംബന്ധിച്ച അപേക്ഷകൾ | ടി അപേക്ഷകളിൻമേൽ ഫിഷറീസ് ജില്ലാ ഓഫീസ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | ദേശീയ ജല പാത– 3 വികസനത്തിന്റെ ഭാഗമായി ഉന്നിവല, കുറ്റി വല എന്നിവ നീക്കം ചെയ്തതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായുള്ള അപേക്ഷ– | അപേക്ഷയിൻ മേൽ ഫിഷറീസ് ജില്ലാ ഓഫീസ് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**<u>അനുബന്ധം –3</u>**

| ക്രമ.നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|
| 1. | ഫിഷറീസ് വകുപ്പിൽ സ്ഥിരം ജോലി ലഭ്യമാകണമെന്ന ആവശ്യം സംബന്ധിച്ച് സാഫ് തീരമൈത്രി പദ്ധതി മിഷൻ കോർഡിനേറ്റർ ശ്രീമതി ശ്രീജ നൽകിയ പരാതി | പരിശോധിച്ചു വരുന്നു |
| 2. | ഫിഷറീസ് വകുപ്പ്, അഡാക്, മത്സ്യഫെഡ് എന്നിവിടങ്ങളിലെ നിയമനങ്ങൾ ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ പഠിച്ചവർക്ക് മാത്രമായി നൽകുന്നു എന്ന പരാതി | കുഫോസ് രജിസ്ട്രാറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. (ഫയൽ നം. ബി1/93/2024/മ.തു.വ) |
| 3. | പടിഞ്ഞാറെകല്ലട ഹാച്ചറിയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുക | പരിശോധിച്ചു വരുന്നു |